**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2515** **24-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾ ട്രഷറിയിൽ നിക്ഷേപിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാറിന്റെ പ്രത്യേക നിർദേശ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക ട്രഷറികളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 19.03.2024 ലെ 17/2024/ധന സർക്കുലർ പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ലോക്കൽ ഗവൺമെന്റ് ഓൺ ഫണ്ട് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് (LGOFTSB)അടിയന്തിരമായി തുടങ്ങേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തുകയിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾ സമർപ്പിച്ച ബില്ലുകളുടെ ഇനത്തിൽ എത്ര തുകയാണ് തിരിച്ചു നൽകിയതെന്ന് വിശദമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | പ്രസ്തുത തുക 2024-25 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നല്ലാതെ പ്രത്യേക വിഹിതമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രാദേശിക സർക്കാരുകൾ LGOFTSB അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തനത് ഫണ്ടിലെ തുക ഏതൊരു ബാങ്കിലെ നിക്ഷേപവും പോലെ പിൻവലിച്ച് ഉപയോഗിക്കാൻ പ്രാദേശിക സർക്കാരുകളെ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി തുക പ്രത്യേക വിഹിതമായി അനുവദിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ